പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1918 | 06.07.2015-ൽ മറുപടിക്ക്.

കരുനാഗപ്പള്ളി ഫയർ ഫോഴ്സ് സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങൾ

**ചോദ്യം**

ശ്രീ. സി. ദിവാകരൻ

(എ) കരുനാഗപ്പള്ളി ഫയർഫോഴ്സ് സ്റ്റേഷനിൽ ആവശ്യത്തിന് ഉപകരണങ്ങളോ ഓഫീസ് സൗകര്യങ്ങളോ ജീവനക്കാരോ വാഹനങ്ങളോ ഇല്ലെന്ന പ്രസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ)

1) ഉപകരണങ്ങൾ

കരുനാഗപ്പള്ളി ഫയർ സ്റ്റേഷനിൽ നിലവിൽ ഹൈഡ്രോളിക്ക് കട്ടർ, ആസ്ക്കാലൈറ്റ് ഫ്ളോട്ട് പമ്പ്, ചെയിൻസാ, യമഹ, ഡിങ്കി എന്നീ അത്യാധുനിക ഉപകരണങ്ങൾ ഉൾപ്പെടെ ജീവൻരക്ഷാ ഉപകരണങ്ങൾ നിലവിൽ അനുവദിച്ചിട്ടുണ്ട്.

2) സ്റ്റേഷന്റെ ശോച്യാവസ്ഥ

കരുനാഗപ്പള്ളി ഫയർ സ്റ്റേഷന് വേണ്ടി ഐ.എച്ച്.ആർ.ഡിയുടെ പോളിടെക്നിക്ക് പ്രവർത്തിക്കുന്ന കെ.എ.പിയുടെ സ്ഥലത്തിന്റെ ഒരു ഭാഗം (30 സെന്റ്) ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3) ജീവനക്കാരുടെ വിവരങ്ങൾ

ആകെയുള്ള 39 ജീവനക്കാരിൽ ഫയർമാൻ തസ്തികയിൽ 4 പേരുടെ ഒഴിവുകൾ മാത്രമാണ് നിലവിലുള്ളത്. പി.എസ്.സി അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതാണ്.

4) വാഹനങ്ങൾ

കരുനാഗപ്പള്ളി നിലയത്തിൽ 1- മൊബൈൽ ടാങ്കർ യൂണിറ്റ്, 1-വാട്ടർ ലോറി എന്നിവ നിലവിലുണ്ട്. മിനി മൊബൈൽ ടാങ്കർ യൂണിറ്റ് ശാസ്താംകോട്ട നിലയത്തിലേക്ക് താൽക്കാലികമായി നൽകിയിരിക്കുന്നു. കൂടാതെ ഒരു ആംബുലൻസും, ഒരു ജീപ്പും സ്റ്റേഷനിൽ നിലവിലുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്ക് കരുനാഗപ്പള്ളി നിലയത്തിലും അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ